**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 15,965/-രൂപയ്ക്ക് (പതിനയ്യായിരത്തി തൊള്ളായിരത്തി അറുപത്തഞ്ച് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1484/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 16/07/2019**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 23/07/2018 ലെ പി എ എൻ/20842/2018-എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 21/05/2019-ലെ ഡി. കെ.എസ്.എ/ 1412/2018/പി റ്റി 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.14 പ്രകാരം അംഗനവാടികളിൽ ഭക്ഷണ സാധനങ്ങൾ എത്തിച്ചതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികമായി ചെലവഴിച്ച 15,965/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. മേലിലഗ്രാമപഞ്ചായത്തിലെ അംഗനവാടികളിൽ ഭക്ഷണ സാധനങ്ങൾ എത്തിച്ചതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി കിലോഗ്രാമിന് 50 പൈസ നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ച പഞ്ചായത്ത്, അംഗീകരിച്ച് തുക നൽകുന്നതിന് പകരം സർക്കാർ ഉത്തരവിനു വിരുദ്ധമായി 1/- രൂപ നിരക്ക് നൽകുകയുണ്ടായി. ഇത്തരത്തിൽ അധികമായി നൽകിയ 15,965/- രൂപയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള 50 പൈസ നിരക്കിൽ ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിന് ആരേയും ലഭിക്കാത്ത സാഹചര്യത്തിലും അംഗനവാടികളിൽ ഭക്ഷണം മുടങ്ങാതിരിക്കാനും വേണ്ടിയാണ് ഇത്തരത്തിൽ 1/- രൂപ നിരക്ക് നൽകേണ്ടി വന്നതെന്നും ക്വട്ടേഷൻ ക്ഷണിച്ച് പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുന്നതിനും കഴിഞ്ഞിരുന്നില്ലെന്നും ആയതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 22/11/2017 ലെ 6(4)-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ 14-ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 15,965/- രൂപയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ വകുപ്പിന് എതിരഭിപ്രായം ഇല്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 15,965/- രൂപയ്ക്ക് (പതിനയ്യായിരത്തി തൊള്ളായിരത്തി അറുപത്തഞ്ച് രൂപ മാത്രം) സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

സെക്രട്ടറി, മേലില ഗ്രാമപഞ്ചായത്ത്, കൊല്ലം

✓ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**